# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2699** **20/03/2015-ൽ മറുപടിയ്ക്ക്**

**ശ്രീമതി. ലിനി ലോറൻസിന്റെ ശമ്പളം തടയൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.സെൽവരാജ്** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) കാട്ടാക്കട എ.ഇ.ഒ.യുടെ കീഴിലുള്ള എൽ.എം.എൽ.പി.എസ്.ലെ പി.ഡി. ടീച്ചറായ ശ്രീമതി ലിനി ലോറൻസിന് 7 മാസത്തെ ശമ്പളം തടയുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | എ) 13/08/2014-ൽ ലൂഥറൻ കോർപ്പറേറ്റ് മാനേജർ 44/1/14 ഉത്തരവിലൂടെ തൂമരിച്ചൽ എൽ.എം.എൽ.പി സ്കൂളിൽ ടീച്ചർ-ഇൻ-ചാർജ്ജ് ആയി ജോലി ചെയ്തിരുന്ന ശ്രീമതി.ഷീജ.കെ. സത്യനെ മന്തിക്കളം എൽ.എം. എൽ.പി സ്കൂളിൽ ഹെഡ്മാസ്റ്റർ ആയി പ്രമോട്ട് ചെയ്ത് നിയമിക്കുകയും തൂമരിച്ചൽ എൽ.എം.എൽ.പി സ്കൂളിൽ ഇങ്ങനെ വന്ന തസ്തിക ഒഴിവിൽ ട്രാൻസ്ഫർ മുഖാന്തിരം ശ്രീമതി.ലിനി ലോറൻസിനെ നിയമിക്കുകയും ചെയ്തു.<br>13/06/2014-ലെ സർക്കാർ സർക്കുലർ നമ്പർ 31894/എച്ച്2/13 പ്രകാരം അനുവദിക്കപ്പെടാത്ത തസ്തികകളിലും കൃത്രിമമായി സ്ഥലംമാറ്റത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒഴിവുകളിലും കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന നിയമനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനും അംഗീകാരം നൽകുന്നതിനും വിദ്യാഭ്യാസ അധികാരികൾക്കും സർക്കാരിനും വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതായും ആയതിനാൽ ലൂഥറൻ സ്കൂളുകളിൽ നടത്തുന്ന നിയമനത്തിനുള്ള അംഗീകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുവാദം |

| | | |
|---|---|---|
| | | വാങ്ങിയതിനുശേഷം മാത്രമേ നടത്താവൂ എന്ന് കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീമതി.ഷീജ.കെ.സത്യന്റെ ഹെഡ് മാസ്റ്റർ തസ്തികയിലുള്ള നിയമനത്തിന് മുൻകൂർ അനുവാദം വാങ്ങാത്തതിനാൽ കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടില്ല. ടി അദ്ധ്യാപിക ജൂനിയർ ആണെന്നും അനധികൃതമായാണ് സ്ഥാനക്കയറ്റം നൽകിയതെന്നുമുള്ള പരാതികൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിരുന്നു. കൂടാതെ ടി മാനേജ്മെന്റിലെ അദ്ധ്യാപകർ ഈ വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ തീർപ്പാകാത്തതും, സർക്കാർ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള തീരുമാനം നീക്കാത്തതിനാലും മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തതും ഈ സ്കൂൾ അനാദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതുമായ കാരണങ്ങളാൽ ടി അദ്ധ്യാപികയ്ക്ക് ശമ്പളം തടയേണ്ട സാഹചര്യമാണുള്ളത്. |
| ബി) | 2014-2015 വർഷം ടി സ്കൂളിൽ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അദ്ധ്യാപക തസ്തികയാണ് അംഗീകരിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇതിൽ സീനിയർ/ജൂനിയർ ആരൊക്കെയാണെന്നും ഇതിലാർക്കാണ് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ; | ബി) 2014-2015 വർഷം സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ടീച്ചർ-ഇൻ-ചാർജ്ജ് ഉൾപ്പെടെ രണ്ട് അദ്ധ്യാപക തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ശ്രീമതി.ലിനി ലോറൻസ് സ്കൂളിലെ സീനിയർ അദ്ധ്യാപികയാണ്. രണ്ടാമത്തെ അദ്ധ്യാപിക ടി സ്കൂളിൽ നിലവിൽ മാനേജർ ടീച്ചർ-ഇൻ-ചാർജ്ജ് ആയി നിയമിച്ച് ജോലി ചെയ്യുന്ന ശ്രീമതി.ഷൈന.ജെ.എസ് ആണ്. ടി അദ്ധ്യാപികയ്ക്ക് ശമ്പളം ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | സീനിയർക്ക് ശമ്പളം നൽകാതെ ജൂനിയർക്ക് ശമ്പളം നൽകുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ; | സി) | 13/08/2014-ൽ ലൂഥറൻ കോർപ്പറേറ്റ് മാനേജർ 44/1/14 എന്ന ഉത്തരവിലൂടെ തുമരിച്ചൽ എൽ.എം.എൽ.പി സ്കൂളിൽ ടീച്ചർ-ഇൻ-ചാർജ്ജ് ആയി ജോലി ചെയ്തിരുന്ന ശ്രീമതി.ഷീജ.കെ. സത്യനെ മന്തിക്കളം എൽ.എം. എൽ.പി സ്കൂളിൽ ഹെഡ്മാസ്റ്റർ ആയി നിയമിക്കുകയും തുമരിച്ചൽ എൽ.എം.എൽ.പി സ്കൂളിൽ ഇങ്ങനെ വന്ന തസ്തിക ഒഴിവിൽ ട്രാൻസ്ഫർ മുഖാന്തിരം ശ്രീമതി.ലിനി ലോറൻസിനെ നിയമിക്കുകയും ചെയ്തു.<br>13/06/2014-ലെ സർക്കാർ സർക്കുലർ നമ്പർ 31894/എച്ച്2/13 പ്രകാരം അനുവദിക്കപ്പെടാത്ത തസ്തികകളിലും കൃത്രിമമായി സ്ഥലംമാറ്റത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒഴിവുകളിലും കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന നിയമനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനും അംഗീകാരം നൽകുന്നതിനും വിദ്യാഭ്യാസ അധികാരികൾക്കും സർക്കാരിനും വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതായും ആയതിനാൽ ലൂഥറൻ സ്കൂളുകളിൽ നടത്തുന്ന നിയമനത്തിനുള്ള അംഗീകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയതിനു ശേഷം മാത്രമേ നടത്താവൂ എന്ന കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീമതി.ഷീജ.കെ.സത്യന്റെ ഹെഡ്മാസ്റ്റർ തസ്തികയിലുള്ള നിയമനത്തിന് മുൻകൂർ അനുവാദം വാങ്ങാത്തതിനാൽ കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടില്ല. ടി അദ്ധ്യാപിക ജൂനിയർ ആണെന്നും അനധികൃതമായാണ് സ്ഥാനക്കയറ്റം നൽകിയത് എന്നുമുള്ള പരാതികൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിരുന്നു. കൂടാതെ ടി |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റിലെ അദ്ധ്യാപകർ ഈ വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ തീർപ്പാകാത്തതും, സർക്കാർ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള തീരുമാനം നീക്കാത്തതിനാലും മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തതും ഈ സ്കൂൾ അനാദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതുമായ കാരണങ്ങളാൽ ടി അദ്ധ്യാപികയുടെ ശമ്പളം തടയേണ്ട സാഹചര്യമാണുള്ളത്. |
| ഡി) | ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 21.1.2015 ൽ ബഹു. മുഖ്യമന്ത്രി നൽകിയ (F1/90015/14 DPI) കുറിപ്പ് എന്ന് കിട്ടി എന്നും റിപ്പോർട്ട് എന്ന് അയച്ചു എന്നും കുറിപ്പിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ട് അയച്ചില്ല എങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ; | ഡി) | ബഹു.മുഖ്യമന്ത്രി വഴി ശ്രീമതി.ലിനി ലോറൻസ് നൽകിയ അപ്പീൽ 28/01/2015-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിക്കുകയും ആയതിന്റെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചതിൻമേൽ സ്വീകരിക്കേണ്ട അനന്തര നടപടികൾ പരിശോധിച്ചുവരികയാണ്. |
| ഇ) | ഡി.പി.ഐ.യിൽ വിഷയം കൈകാര്യം ചെയ്യുന്ന എഫ് 1 സീറ്റിലെ ഉദ്യോഗസ്ഥൻ ഈ വിഷയത്തിൽ യഥാസമയം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ഇ) | സ്വീകരിച്ചിട്ടുണ്ട്. ഫയലുകളിൻമേൽ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് പരിശോധനാ റിപ്പോർട്ടുകൾ ഒന്നും തന്നെയില്ല. |
| എഫ്) | ജീവനക്കാരന്റെ PR പരിശോധിച്ച് ചട്ടപ്രകാരമാണോ ഫയലുകൾ കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിച്ച് കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ടിയാൾക്കെതിരെ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ലഭ്യമാക്കുമോ? | എഫ്) | കൃത്യ നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ